ഇഷ്ടം, കനിഷ്ഠം, കുനിഷ്ടം

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

ഉപ്പോളം വരുമോ ഉപ്പിലിട്ടതെന്ന
ചൊൽവൃത്താന്തം കേട്ടുറങ്ങുമുണർവിൽ
ഉപ്പള കാര്യസ്ഥനു ഉപ്പുചുമക്കുപണിക്കായ്
കൈക്കൂലിയുരുട്ടിയ കൈപ്പടയിൽ
കൈമടക്കിൽ ചുരുട്ടിയ
അപേക്ഷാ സാക്ഷിപത്രം.

"ഉപ്പിനേക്കാളേറെയിഷ്ടമെന്ത്?"
ഉത്തരക്കുരുക്കഴിക്കാൻ കഷ്ടമില്ലാത്ത
നാവോത്തരം പഞ്ചാരപ്പുഞ്ചിരിയിൽ –
ഉപ്പിനേക്കാൾ ഇത്തിരിപ്പഞ്ചാരയെ
പ്രേമിച്ചു രക്തമർദ്ദം വെറുക്കുന്ന
മാതാപിതാനുരാഗ പ്രമേഹത്തിനു
ഇക്കളത്തിൽ ഇടമില്ലെന്നു കാര്യസ്ഥൻ.

സത്യധർമ്മ മധുരക്കയ്പ്പുവായ്പ്പിൽ
ഉള്ളിടറി വിധുരൻ മധുരതരമായ്
വിജിഗീഷ വാശി മുത്തിക്കുടിച്ച്
പഞ്ചാരക്കമ്പനിക്കു കയ്യെഴുത്തയയ്ക്കുന്നു:

"ഏറെയിഷ്ടം പഞ്ചാരയെന്നറിഞ്ഞതിൽ
സന്തോഷവണ്ടിയിൽ നാഗരികനാകുക –
ദേവനാഗരിയിൽ വിളിക്കുന്നു കൂടിക്കാണാൻ."

"എന്തുകൊണ്ട് പഞ്ചാരത്തരിയെ കാമിക്കുന്നു?"

അറിയില്ലെന്നറിയാമെന്ന നിത്യോത്തരം
സ്വീകരണീയമല്ലെന്ന കാതുകുത്തലിൽ
രസനയെ നുള്ളിച്ചുട്ടു നോവിച്ച്
വാലറ്റം ചുരുട്ടുന്ന വാനരപ്പടയിൽ
ലങ്കാദഹന തീപ്പന്തക്കാളലിൽ
രാമേശ്വരത്ത് തെക്കുനോക്കിയിരുപ്പ് –
അറിയാത്തതറിയില്ലെന്നു ചൊന്നാൽ
ഇഷ്ടനുമിവിടെയൊന്നുമറിയില്ലെന്ന
നിശബ്ദ നിരുപാധിക നിഗമനം.

ഇഷ്ടദേവതയോട്

തന്നിഷ്ടം നടപ്പാക്കൽ
എന്നിഷ്ടം എന്നുമെന്നു-
മെന്നേറ്റുപറച്ചിലിൽ
പരദേവതയ്ക്കെന്നോട്
പൊന്നിഷ്ടമെന്ന ദുസ്സൂചന
പരിചിത പരദൂഷണക്കാരും.

ഇഷ്ടദേവത ചൊല്ലുന്നു:
“ഇന്നോളം തന്നിഷ്ടം ചെയ്തത്
പരനന്മയ്ക്കു സമർപ്പിച്ച്
ഇനിമുതൽ തന്നിഷ്ടക്കാര്യക്രമം
സ്വനന്മാലാക്കിനു മുന്നിഷ്ടതേനിഷ്ടം!
****